**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയാള സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ; | (എ) | മലയാള സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികളും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും സുരക്ഷയും തുല്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ; | (ബി) | മലയാള സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികളും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും അനുബന്ധമായി ചേർക്കുന്നു. |
| (സി) | സിനിമാ മേഖലയിൽ വനിതകൾ അഭിമുഖീകരിക്കുന്ന ദുരനുഭവങ്ങൾ തടയുന്നതിനും സിനിമാ മേഖലയുടെ ശുദ്ധീകരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന വിശദമാക്കുമോ? | (സി) | മലയാള സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികളും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പദ്ധതികളും പരിപാടികളും തയ്യാറാക്കി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകി.
2. ഒരു സാമൂഹിക വിദ്യാഭ്യാസ പ്രക്രിയ എന്ന നിലയിൽ ലിംഗസമത്വം / ലിംഗ നീതി വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ ഓൺലൈനായും അല്ലാതെയും സംഘടിപ്പിക്കണമെന്ന് ചലച്ചിത്ര അക്കാദമിക്കും ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.
3. സ്ത്രീ വിരുദ്ധ വിഷയങ്ങൾ സിനിമകളിൽ കടന്നു കൂടുന്നതിനെതിരെ സെൻസർ ബോർഡും മറ്റ് സ്ഥാപനങ്ങളും ജാഗ്രത പുലർത്തി വരുന്നുണ്ട്. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെടുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്. ഇത്തരത്തിൽ 4 സിനിമകൾ ഇതിനകം തന്നെ റിലീസ് ചെയ്തിട്ടുണ്ട്. കൂടുതൽ സിനിമകൾ റിലീസിന് തയ്യാറായി വരുന്നു. ഈ പദ്ധതി പ്രകാരം നിഷിദ്ധോ, ഡൈവോഴ്സ്, ബി32 മുതൽ 44 വരെ, നിള എന്നീ ചിത്രങ്ങൾ വനിതാ നവാഗത സംവിധായകരുടേതായി റിലീസ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലൊരു പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. ഇന്ത്യയിലാദ്യമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവാഗത സംവിധായകരുടെ സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം "ചുരുൾ" എന്ന സിനിമ 30.08.2024 ന് റിലീസ് ചെയ്തു.
4. 15.07.2023 ലെ സ.ഉ.(സാധാ.)നം. 357/2023/സാം.കാ.വ. ഉത്തരവ് പ്രകാരം സിനിമാ നയം രൂപീകരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കൂടി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ കരട് സിനിമാ നയത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 30.09.2024 ലെ സ.ഉ.(സാധാ.)നം. 567/2024/സാം.കാ.വ. ഉത്തരവ് പ്രകാരം 7 അംഗ കമ്മിറ്റിയായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി കമ്മിറ്റി സിനിമാരംഗത്തെ എല്ലാ മേഖലകളുടേയും പ്രതിനിധികളുമായി ചർച്ച നടത്തി വരുന്നു.
5. തിരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതിക്കായി വർഷം 3 കോടി രൂപ വീതം വകയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിരവധി സിനിമ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആവശ്യത്തിനനുസരിച്ച് കൂടുതൽ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.
6. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ്ജെൻഡർ

വിഭാഗങ്ങൾക്കായി പ്രത്യേക അവാർഡ് സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗായിക ശ്രീമതി നാഞ്ചിയമ്മ, സംവിധായിക ശ്രീമതി ശ്രുതി ശരണ്യം എന്നിവർക്ക് ഈ വിഭാഗത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി.

7. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി പ്രൊഡക്ഷൻ മാനേജ്മെന്റ്, ക്യാമറ ആന്റ് ലൈറ്റിംഗ്, ആർട്ട് ഡിസൈൻ, കോസ്റ്റ്യൂം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർ വിഷൻ, മാർക്കറ്റിംഗ് & പബ്ലിസിറ്റി എന്നീ വിഭാഗങ്ങളിൽ തൊഴിൽ പരിശീലന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി വഴി ആരംഭിച്ചിട്ടുണ്ട്. പരിശീലനത്തിനുശേഷം പ്രൊഫഷണൽ ഫിലിം പ്രൊഡക്ഷൻ കമ്പിനികളിൽ തൊഴിലവസരത്തിന് വഴിയൊരുക്കുന്നതാണ്.
8. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടുതൽ ക്ഷേമപദ്ധതികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.
9. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും മറ്റും തിരക്കഥാ ക്യാമ്പുകളിലും സിനിമാ പഠന പദ്ധതികളിലും സ്ത്രീയുടെ ഔന്നത്യം ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ നടത്തിവരുന്ന വനിതാ സിനിമാ നിർമ്മാണ പദ്ധതിയിൽ സിനിമകൾ തെരഞ്ഞെടുക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്.
10. സിനിമാ മേഖലയിൽ നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സിനിമാ ലൊക്കേഷനുകളിൽ ഐ.സി.സി. നിർബന്ധമാക്കിയിട്ടുണ്ട്.
11. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. യുടെ തിയേറ്ററുകളിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഡി.സി. യുടെ ഉൾപ്പെടെ കൂടുതൽ തീയേറ്ററുകൾ സ്ഥാപിക്കുമ്പോൾ സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. കായംകുളം, വൈക്കം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്ററുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.
12. സിനിമയിൽ ഭാഗഭാക്കാകുന്ന കലാകാരന്മാർ, സാങ്കേതിക വിദഗ്ധർ, ജൂനിയർ ആർട്ടിസ്റ്റുകൾ, തൊഴിലാളികൾ എന്നിവർ വേതനം, തൊഴിൽ ദിനങ്ങൾ/സമയം, അവധി തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ സിനിമാ നിർമ്മാതാവുമായി ഉറപ്പുവരുത്തണമെന്ന് വിവിധ സിനിമാ സംഘടനകൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.
13. വനിതകൾക്ക് സിനിമാ മേഖലയിലും സിനിമാ സംബന്ധമായ സ്ഥാപനങ്ങളിലും കൂടുതൽ പ്രാതിനിധ്യവും അവസരവും ഉറപ്പാക്കുന്ന തരത്തിൽ ഭരണപരമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.
14. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെയും

അനുബന്ധങ്ങളുടെയും പകർപ്പുകൾ സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് (എസ്.ഐ.ടി.) സർക്കാർ കൈമാറിയിരുന്നു. എസ്.ഐ.ടി.യുടെ അന്വേഷണ റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

15. ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണത്തിന്റെ സാധ്യതയും സർക്കാർ പരിശോധിച്ച് വരികയാണ്.